**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1240** **10-10-2024 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ ബി.എം.& ബി.സി റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ പേരാമ്പ്ര മണ്ഡലത്തിൽ എത്ര കിലോമീറ്റർ റോഡുകൾ ബി.എം ആന്റ് ബി.സി നിലവാരത്തിൽ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | 2016 മുതൽ നാളിതുവരെ പേരാമ്പ്ര മണ്ഡലത്തിൽ ബി.എം & ബി.സി നിലവാരത്തിൽ പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>KRFB PMU ന്റെ ചുമതലയിൽ<br><br>1. പയ്യോളി - പേരാമ്പ്ര റോഡ് - 18.12 കി. മീ. - പ്രസ്തുത പ്രവൃത്തി 29.10.2019-ൽ പൂർത്തീകരിച്ചിട്ടുണ്ട്. 37,60,68,074/- രൂപ ഈ പ്രവൃത്തിക്കായി ഇതുവരെ ചിലവഴിച്ചിട്ടുണ്ട്.<br><br>2. പേരാമ്പ്ര - ചെറുവണ്ണൂർ റോഡ് - 9.8 കി മീ - പ്രസ്തുത പ്രവൃത്തി 29.07.2020-ൽ പൂർത്തീകരിച്ചിട്ടുണ്ട്. 15,29,81,266/-രൂപ ഈ പ്രവൃത്തിക്കായി ഇതുവരെ ചിലവഴിച്ചിട്ടുണ്ട്.<br><br>നിരത്തുവിഭാഗത്തിൽ നിന്നും 2016 മുതൽ നാളിതുവരെ 114.285 കിലോമീറ്റർ റോഡുകൾ ബി.എം & ബി.സി നിലവാരത്തിൽ പേരാമ്പ്ര നിയോജക മണ്ഡലത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായി 132.801 കോടി രൂപ ചിലവഴിച്ചിട്ടുണ്ട് . |
| (ബി) | പ്രസ്തുത പ്രവൃത്തിക്കായി എത്ര കോടി രൂപയാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ; | (ബി) | 2016 മുതൽ നാളിതുവരെ പേരാമ്പ്ര മണ്ഡലത്തിൽ ബി.എം & ബി.സി നിലവാരത്തിൽ പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>KRFB PMU ന്റെ ചുമതലയിൽ<br><br>1. പയ്യോളി - പേരാമ്പ്ര റോഡ് - 18.12 കി. മീ. - പ്രസ്തുത പ്രവൃത്തി 29.10.2019-ൽ പൂർത്തീകരിച്ചിട്ടുണ്ട്. 37,60,68,074/- രൂപ ഈ പ്രവൃത്തിക്കായി ഇതുവരെ ചിലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2. പേരാമ്പ്ര - ചെറുവണ്ണൂർ റോഡ് - 9.8 കി മീ - പ്രസ്തുത പ്രവൃത്തി 29.07.2020-ൽ പൂർത്തീകരിച്ചിട്ടുണ്ട്. 15,29,81,266/-രൂപ ഈ പ്രവൃത്തിക്കായി ഇതുവരെ ചിലവഴിച്ചിട്ടുണ്ട്.<br><br>നിരത്തുവിഭാഗത്തിൽ നിന്നും 2016 മുതൽ നാളിതുവരെ 114.285 കിലോമീറ്റർ റോഡുകൾ ബി.എം & ബി.സി നിലവാരത്തിൽ പേരാമ്പ്ര നിയോജക മണ്ഡലത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായി 132.801 കോടി രൂപ ചിലവഴിച്ചിട്ടുണ്ട് . |
| (സി) | ഇനി എത്ര കിലോമീറ്റർ റോഡ് ബി.എം ആന്റ് ബി.സി നിലവാരത്തിലേയ്ക്ക് ചേർക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | പേരാമ്പ്ര മണ്ഡലത്തിലെ ബി.എം - ബി.സി നിലവാരത്തിലേയ്ക്ക് ഇനി ഉയർത്താനുള്ള റോഡ് പ്രവൃത്തികൾ താഴെ പറയുന്നു.<br><br>1. മലയോര ഹൈവേ പെരുവണ്ണാമൂഴി - ചെമ്പ്ര റോഡ് - 5.5 കി മീ - പ്രവൃത്തിക്ക് 21/03/2024 - ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചു വരുന്നു.<br><br>2. മലയോര ഹൈവേ - തൊട്ടിൽപ്പാലം - തലയാട് റോഡ് മുള്ളൻ കുന്ന് മുതൽ പെരുവണ്ണാമുഴി വരെ കിഫ്ബിയിൽ നിന്നും 08.08.2022-ൽ 38.09 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭ്യമായ പ്രസ്തുത പ്രവൃത്തിയിൽ പേരാമ്പ്ര മണ്ഡലത്തിൽ ഉൾപ്പെടുത്തുന്നത് 6.50 കിമീ ആണ്. ടി റോഡിന്റെ അവസാനത്തെ 3 കി. മി. നിലവിൽ ബി എം & ബി സി റോഡ് നിലവാരത്തിലേക്ക് പി ഡബ്ല്യു ഡി റോഡ്സ് വിഭാഗം പ്രവൃത്തി ചെയ്ത് ഡി എൽ പി യിൽ ആണ്. ബാക്കിയുള്ള 3.5 കി. മി. ബി.എം. & ബി.സി. നിലവാരത്തിലേക്ക് ഉയർത്താനുള്ളതാണ് പ്രസ്തുത പ്രവൃത്തിക്ക് സ്ഥല ലഭ്യത ഉറപ്പാക്കി പ്രവൃത്തി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>പൊതുമരാമത്ത് നിരത്തുവിഭാഗത്തിൽ നിന്നും ബി.എം & ബി.സി നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ 19.4 കിലോമീറ്റർ റോഡുകൾക്ക് നിലവിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ബി.എം ബി.സി നിലവാരത്തിലേയ്ക്ക് ഉയർത്തുവാനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ